പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1615** **02.07.2015-ൽ മറുപടിക്ക്**

## ശുചിത്വമിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| 1. ശ്രീമതി. പി. അയിഷാ പോറ്റി | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) **സംസ്ഥാനത്തെ ശുചിത്വമിഷന്റെ ചുമതലകൾ എന്തെല്ലാമാണ്;** | (എ) ശുചിത്വ മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്ന പ്രകാരമാണ്. |

- ഗ്രാമീണ മേഖലയിൽ വ്യക്തിഗത ഗാർഹിക കക്കൂസ്, സാമൂഹ്യ ശുചിത്വ സമുച്ചയങ്ങൾ, റൂറൽ സാനിറ്ററി മാർട്ടുകൾ, ഖരദ്രവ മാലിന്യ പ്രോജക്ടുകൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നിവയുടെ നടത്തിപ്പ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള വിദഗ്ധ ഉപദേശം നൽകുക
- ഖരമാലിന്യ സംസ്കരണത്തിനുള്ള പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക, സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കുക
- സമഗ്ര ഖരദ്രവ മാലിന്യ സംസ്ക്കരണ ശുചിത്വ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അഭിപ്രായവും അനുമതിയും നൽകുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഖര-ദ്രവ മാലിന്യ പരിപാലന പ്രോജക്ടുകൾക്ക് സംസ്ഥാന പ്ലാൻ ഫണ്ട്/കേന്ദ്രാവിഷ്കൃത ഫണ്ട് ലഭ്യമാക്കുക.
- നവീന അറവുശാലകളുടെയും ക്രിമറ്റോറിയത്തിന്റെയും നിർമ്മാണത്തിനുള്ള സാങ്കേതിക സഹായവും സാങ്കേതിക അനുമതിയും നൽകുക.
- ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളുമായി/വകുപ്പുകളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിക്കുക.
- ശുചിത്വ പ്രോജക്ടുകളുടെ ഇവാല്യുവേഷൻ പഠനവും റിപ്പോർട്ടിംഗും.
- വിപുലമായ വിവര വിദ്യാഭ്യാസ വിനി

4. ടെക്നിക്കൽ അസിസ്റ്റന്റ്

**(ഡി) ശുചിത്വമിഷന്റെ സാങ്കേതിക സഹായത്തോടെ നിർമ്മാണം പൂർത്തീകരിച്ച്, തദ്ദേശസ്ഥാപനങ്ങളുടെ കീഴിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന അഞ്ച് മാലിന്യ നിർമ്മാർജ്ജന കേന്ദ്രങ്ങളുടെ വിവരം നൽകുമോ;**

(ഡി) തദ്ദേശസ്ഥാപനങ്ങളുടെ കീഴിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന അഞ്ച് മാലിന്യ നിർമ്മാർജ്ജന കേന്ദ്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ആറ്റിങ്ങൽ നഗരസഭ - പൊതുമാലിന്യ സംസ്കരണ പ്ലാന്റ്
2. തലശ്ശേരി മുനിസിപ്പാലിറ്റി - പൊതുമാലിന്യ സംസ്കരണ പ്ലാന്റ്
3. അടാട്ട് ഗ്രാമപഞ്ചായത്ത് - പൊതുമാലിന്യ സംസ്കരണ പ്ലാന്റ്
4. കുമളി ഗ്രാമപഞ്ചായത്ത് - പൊതുമാലിന്യ സംസ്കരണ പ്ലാന്റ്
5. ആലപ്പുഴ നഗരസഭ - വികേന്ദ്രീകൃത മാലിന്യസംസ്കരണം & ഗാർഹികതല മാലിന്യ പരിപാലനം